പത്രക്കുറിപ്പ്
15-09-2020

## ഓണക്കാലത്ത് നാട്ടുചന്തകളിലൂടെ ഒരു കോടി രൂപയുടെ വിൽപ്പന

* ആകെ സംഘടിപ്പിച്ചത് 389 നാട്ടുചന്തകൾ

തിരുവനന്തപുരം: കുടുംബശ്രീ സംഘടിപ്പിച്ച ഓണക്കാലത്തെ നാട്ടുചന്തകൾ മുഖേന 1,00,15,163 രൂപയുടെ വിറ്റുവരവ്. കേരളത്തിലൊട്ടാകെ 389 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നാട്ടുചന്തകൾ സംഘടിപ്പിച്ചത്. കുടുംബശ്രീ കൃഷിസംഘങ്ങൾ (ജോയ്ന്റ് ലയബിളിറ്റി ഗ്രൂപ്പ്- ജെഎൽജി) ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ആഴ്ചതോറും വിപണനത്തിനായുള്ള മാർഗ്ഗമെന്ന നിലയിൽ 450 പഞ്ചായത്തുകളിലാണ് കുടുംബശ്രീ സ്ഥിരമായി നാട്ടുചന്തകൾ നടത്തിവരുന്നത്. ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ ഒഴികെ ശേഷിച്ച പത്ത് ജില്ലകളിലും ഓണവിപണി ലക്ഷ്യമിട്ടുള്ള പ്രത്യേക നാട്ടുചന്തകൾ നടത്തി. കോവിഡ് പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചായിരുന്നു ഈ നാട്ടുചന്തകളുടെ സംഘാടനം.

കൃഷിസംഘങ്ങളുടെ ഉത്പന്നങ്ങൾ കൂടാതെ കുടുംബശ്രീ സൂക്ഷ്മ സംരംഭകരുടെ ഉത്പന്നങ്ങളും നാട്ടുചന്തകൾ വഴി വിപണനം ചെയ്യുന്നു. അതാത് തദ്ദേശ സ്ഥാപനതലത്തിൽ ഉചിതമായ സ്ഥലത്ത് തദ്ദേശ സ്ഥാപനങ്ങളുടെ സംയോജനത്തോട് കൂടി കൃഷി വകുപ്പിന്റെയുമൊക്കെ സഹകരണത്തോടെയാണ് നാട്ടുചന്തകൾ സംഘടിപ്പിക്കുന്നത്. കൃഷിസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജീവ (ജെഎൽജി ഇവാലുവേഷൻ ഏജന്റ്) സംഘമാണ് ഓരോ നാട്ടുചന്തകളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. എല്ലാ സിഡിഎസുകളിലും നാട്ടുചന്തകൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ചുമതല കുടുംബശ്രീയുടെ ബ്ലോക്ക് കോർഡിനേറ്റർക്കുമാണ്. തദ്ദേശ സ്ഥാപനതലത്തിലുള്ള കൃഷി സംഘങ്ങളെ നാട്ടുചന്തകൾ നടത്തുന്ന വിവരം അറിയിക്കുകയും അതനുസരിച്ച് ഓണം ലക്ഷ്യമിട്ടുള്ള നാട്ടുചന്തകളിൽ പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ എല്ലാവിധ ഉത്പന്നങ്ങളും വിപണനത്തിനായി എത്തിക്കുകയും ചെയ്തു.

ഓണക്കാലത്ത് സംഘടിപ്പിച്ച നാട്ടുചന്തകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു. (ജില്ല, നടന്ന ഓണം നാട്ടുചന്തകളുടെ എണ്ണം, പങ്കെടുത്ത ജെഎൽജികളുടെ എണ്ണം, ആകെ വിറ്റുവരവ് എന്ന ക്രമത്തിൽ).

| | | | |
|---|---|---|---|
| 1. തിരുവനന്തപുരം | 84 | 301 | 9,34,903 രൂപ |
| 2. കൊല്ലം - | 41 | 256 | 1,09,197 രൂപ |
| 3. പത്തനംതിട്ട | 41 | 185 | 6,83,110 രൂപ |
| 4. ആലപ്പുഴ | 25 | 508 | 10,47,520 രൂപ |

| | | | |
|---|---|---|---|
| 5. കോട്ടയം | 45 | 138 | 11,52,340 രൂപ |
| 6. എറണാകുളം | 18 | 90 | 2,23,090 രൂപ |
| 7. തൃശ്ശൂർ | 33 | 484 | 49,67,886 രൂപ |
| 8. പാലക്കാട് | 51 | 175 | 4,33,019 രൂപ |
| 9. വയനാട് | 24 | 701 | 3,64,521 രൂപ |
| 10. കാസർഗോഡ് | 27 | 804 | 99,577 രൂപ |
| **ആകെ** | **389** | **3642** | **1,00,15,165 രൂപ** |

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ